മറ്റു പ്രവർത്തികളായ ലിഫ്റ്റ്, എലിവേറ്റർ, എസ്കലേറ്റർ, കൺവേയർ, ഫയർ ടെണ്ടർ മുതലായവയുടെ ടെണ്ടർ അവാർഡ് ചെയ്യുകഴിഞ്ഞു. മൊത്തം പണിയുടെ ഏകദേശം 62% പൂർത്തിയായി.

സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

16 (*16) ശ്രീ. എം. എ. ബേബി:

ശ്രീ. എ. കെ. ബാലൻ:

ശ്രീ. പി. ടി. എ. റഹീം:

പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സംസ്ഥാനം കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ച പ്രമുഖമായ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; ഇക്കാര്യങ്ങളിലെ കേന്ദ്ര നിലപാട് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം അനുവദിക്കുകയുണ്ടായിട്ടുണ്ട്;

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചെങ്കിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്;

(ഡി) ഇപ്പോഴും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന ആവശ്യങ്ങൾ വിശദമാക്കാമോ;

(ഇ) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; സംസ്ഥാനത്തോട് കേന്ദ്ര സർക്കാർ രാഷ്ട്രീയമായി വിവേചനം കാണിക്കുന്നതായി അഭിപ്രായം ഉണ്ടോ; വിശദമാക്കാമോ;?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) സംസ്ഥാനത്തിന്റെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ തലത്തിൽ നടന്നുവരുന്നത്. സംസ്ഥാനം കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ച ആവശ്യങ്ങളുടെ പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു. പ്രധാനപ്പെട്ട എല്ലാ ആവശ്യങ്ങളോടും അനുകൂലമായ നിലപാടാണ് കേന്ദ്രസർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) കൊച്ചി മെട്രൊ റെയിൽ പദ്ധതി, അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, റേഷൻകടകളുടെ നവീകരണത്തിന് പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം, സംസ്ഥാനത്തിന്റെ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യസാധനങ്ങളുടെ വിതരണം, സിൽക്കും എച്ച്.ഇ.എൽ.-മായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായി ചേർന്ന് കാസർഗോഡ് ആരംഭിക്കുന്ന BHEL, Electric Machine Ltd., SCL ഉം SAIL-മായി ചേർന്നുള്ള സംയുക്ത സംരംഭം, കായംകുളത്തുനിന്നും തിരുവനന്തപുരത്തേക്ക് വാതക പൈപ്പ് ലൈൻ നീട്ടൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, രാജീവ് ഗാന്ധി ഏവിയേഷൻ സെന്റർ പരിശീലനത്തിനായി ഇന്ത്യൻ എയർഫോഴ്സിന്റെ പഴയ വിമാനം അനുവദിക്കുന്നതിന് നടപടി, ജൻറം പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് കൂടുതൽ ബസ്സുകൾ വാങ്ങാനുള്ള തുക അനുവദിക്കാൻ നടപടി, എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് നോട്ടിഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റിയും സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയും സ്ഥാപിക്കുന്നതിന് അനുമതി, മൂപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന്റെ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായത്തോടെ പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഫ്രാസ്ട്രക്ചർ നിർമ്മാണത്തിനുള്ള അനുമതി, കോൾ കൃഷിയുമായി ബന്ധപ്പെട്ട് 425 കോടി രൂപയുടെ പദ്ധതികൾ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാർ അനുവദിച്ച മിക്ക പദ്ധതികളുടെയും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കൊച്ചി മെട്രോ റെയിലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പാലങ്ങളുടെ പണി തുടങ്ങുകയും കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖ പദ്ധതി, തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക്, കാസർഗോഡ് ചീമേനി 1200 മെഗാവാട്ട് ശേഷിയുള്ള ഗ്യാസ് ബേസ്ഡ് പവർ പ്ലാന്റ് തുടങ്ങിയ പദ്ധതികളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് ആരംഭിക്കുകയും KSIDC, GAIL-മായി ചേർന്ന് ഒരു Joint Venture Contract (JVC) പ്രകാരം 'Kerala GAIL Gas Limited Company' ഉണ്ടാക്കുകയും ഗ്യാസ് പൈപ്പ് ലൈൻ വഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ Pipe laying ജോലികൾ ആരംഭിക്കുകയും ചെയ്യു കഴിഞ്ഞിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ എല്ലാ ആവശ്യങ്ങളും കേന്ദ്ര സർക്കാർ അനുവദിച്ച് തന്നിട്ടില്ലെങ്കിലും സംസ്ഥാനം ഉന്നയിച്ച പുതിയ പദ്ധതികൾ അടക്കമുള്ള മിക്കവാറും എല്ലാ പദ്ധതികളും കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.